പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2009 16.03.2013 ൽ മറുപടിക്ക്

## വികലാംഗർക്കും അഗതികൾക്കും സൗജന്യമായി വൈദ്യുതികണക്ഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി കണക്ഷൻ നൽകുന്നതിൽ വികലാംഗർക്കും അഗതികൾക്കും എന്തെങ്കിലും സൗജന്യങ്ങളോ മുൻഗണനകളോ ഇപ്പോൾ നിലവിലുണ്ടോ ; | (എ) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2005, വകുപ്പ് 7(1) പ്രകാരം 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിലുള്ള വ്യക്തികൾക്ക് ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് ചെലവാകുന്ന തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിലുള്ള വികലാംഗർക്കും ഈ പ്രയോജനംലഭിയ്ക്കുന്നുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും കണക്ടഡ് ലോഡ് പരിധിയില്ലാതെ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

(1111112)

(ബി) ഇല്ലെങ്കിൽ എന്നുമുതലാണ് പ്രസ്തുത ആനുകൂല്യങ്ങൾ നിർത്തലാക്കിയത്; വിശദാംശം വ്യക്തമാക്കാമോ;

(സി) വികലാംഗർക്കും അഗതികൾക്കും വൈദ്യുതി കണക്ഷൻ സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>(ബി)യും(സി)യും</u>

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡിലെ വ്യവസ്ഥകൾ അനുസരിച്ച് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നിരക്കിലുള്ള തുക ഈടാക്കി മാത്രമേ വൈദ്യുതി കണക്ഷനുകൾ നൽകാവൂ എന്ന് ബോർഡ് 28.10.2011-ൽ B.O.(FM) No.2536/2011 (KSEB/TRAC/ Scode/SCC/R2/2009) നമ്പർ ഉത്തരവിറക്കിയിരുന്നു.

1000 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ള ബി.പി.എൽ. വിഭാഗത്തിലുള്ള അപേക്ഷകർ, 1000 വാട്ട്സിനു താഴെ കണക്റ്റഡ് ലോഡുള്ള മറ്റ് പാവപ്പെട്ട അപേക്ഷകർ, വികലാംഗർ തുടങ്ങിയവർക്ക് ലൈൻ നീട്ടൽ ഉൾപ്പെടെയുള്ള (235 മീറ്റർ വരെ) സിംഗിൾ ഫേസ് ഗാർഹിക വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നതിനുള്ള പ്രവൃത്തികൾ ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് ബോർഡ് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇത് റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**